**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2855** **13-10-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമാവുന്ന പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2021-2022 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ അയ്യായിരത്തി മുന്നൂറ് കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായ ത്തോടെ ആയിരത്തി അഞ്ഞൂറ് കോടി രൂപ ചെലവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ; | (എ) | 2021 -2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുക യുണ്ടായി. ഇതിനെ തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക : 344 .20 കോടി രൂപ)വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതി നായി 29.07.2021-ലെ സ.ഉ(സാധാ) നം.395/2021/WRD പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. കടലാക്രമണം രൂക്ഷമായ മറ്റ പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) | പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനിന് വേണ്ടി എൻ.സി.സി.ആർ. എന്ന വിദഗ്ധ സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ തീരപ്രദേശത്തെക്കുറിച്ച് പൊതുവിലും, ഹോട്ട്സ്പോട്ട് ആയ പത്ത് സ്ഥലങ്ങളെക്കുറിച്ച് പ്രത്യേകിച്ചും പഠിച്ച് സുസ്ഥിരമായ തീരസംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന സ്ഥാപനവുമായി ചർച്ചകൾ നടത്തുകയും ധാരണാപത്രം ഒപ്പിടുന്നതിനുള്ള കരട് തയ്യാറാക്കി സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.സി.ആർ. എന്ന സ്ഥാപനവുമായുള്ള കരാർ കാലാവധി മൂന്ന് വർഷമായാണ് നിലവിൽ |

| | | | |
|---|---|---|---|
| | | | നിജപ്പെടുത്തിയിട്ടുള്ളത്. കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് പ്രസ്തുത സ്ഥാപനം മുഖേന പഠനം പൂർത്തിയാക്കി വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 29.07.2021-ലെ സ.ഉ(സാധാ) നം.395/2021/ WRD പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അടുത്ത ഘട്ടമായി ശംഖുമുഖം, കൊല്ലങ്കോട് എന്നീ ഹോട്ട് സ്പോട്ടുകളുടെ പഠനമാണ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.  മറ്റു പ്രദേശങ്ങളിൽ പഠനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമാവുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (സി) | വൈപ്പിൻ മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമാകുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. എടവനക്കാട് പഞ്ചായത്ത്- പഴങ്ങാട് CESCP1132-1137 (850മീറ്റർ) അണിയിൽ CESCP 1124-1132 (1510 മീറ്റർ) നായരമ്പലം പഞ്ചായത്ത് CESCP.1116-1124 (1427 മീറ്റർ) വെളിയത്താപറമ്പ് CESCP 1111-1116 (885 മീറ്റർ) ഞാവൽ CESCP.1101-1103 & 1105-1111(1030 മീറ്റർ) പള്ളിപ്പുറം പഞ്ചായത്ത്  CESCP 1152 -1176 (4614മീറ്റർ) കുഴിപ്പിള്ളി പഞ്ചായത്ത് CESCP 1142-1152 (1940മീറ്റർ) പ്രസ്തുത പ്രദേശത്ത് മുൻ കാലങ്ങളിൽ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും, കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം തീരത്തിന്റെ ഘടനയ്ക്ക് സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട് . ആയതു കൂടി പരിഗണിച്ച് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതായിട്ടുണ്ട്. കടൽക്ഷോഭവും ന്യൂനമർദ്ദവും അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ വൈപ്പിൻ ദ്വീപിലെ 24 കി.മീ. ദൈർഘ്യമുള്ള കടൽതീരം സംരക്ഷിക്കുന്നതിന്റെ പര്യവേഷണം (Bathmetry ഉൾപ്പെടെ) നടത്തുന്നതിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ഡി എസ് ആർ 2018 ലേക്ക് മാറ്റി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പര്യവേഷണം നടത്തി പഠനം പൂർത്തിയാക്കി അനുയോജ്യമായ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത സ്ഥലങ്ങളിൽ എന്നത്തേയ്ക്ക് കടൽഭിത്തിയും പുലിമുട്ടും സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | വൈപ്പിൻ മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമാകുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. എടവനക്കാട് പഞ്ചായത്ത്- പഴങ്ങാട് CESCP1132-1137 (850മീറ്റർ) അണിയിൽ CESCP |

| | | | |
|---|---|---|---|
| | | | 1124-1132 (1510 മീറ്റർ) നായരമ്പലം പഞ്ചായത്ത് CESCP.1116-1124 (1427 മീറ്റർ) വെളിയത്താപറമ്പ് CESCP 1111-1116 (885 മീറ്റർ) ഞാവൽ CESCP.1101-1103 & 1105-1111(1030 മീറ്റർ) പള്ളിപ്പുറം പഞ്ചായത്ത് CESCP 1152 -1176 (4614മീറ്റർ) കുഴിപ്പിള്ളി പഞ്ചായത്ത് CESCP 1142-1152 (1940മീറ്റർ) പ്രസ്തുത പ്രദേശത്ത് മുൻ കാലങ്ങളിൽ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും, കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം തീരത്തിന്റെ ഘടനയ്ക്ക് സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട് . ആയതു കൂടി പരിഗണിച്ച് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതായിട്ടുണ്ട്. കടൽക്ഷോഭവും ന്യൂനമർദ്ദവും അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ വൈപ്പിൻ ദ്വീപിലെ 24 കി.മീ. ദൈർഘ്യമുള്ള കടൽതീരം സംരക്ഷിക്കുന്നതിന്റെ പര്യവേഷണം (Bathmetry ഉൾപ്പെടെ) നടത്തുന്നതിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ഡി എസ് ആർ 2018 ലേക്ക് മാറ്റി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പര്യവേഷണം നടത്തി പഠനം പൂർത്തിയാക്കി അനുയോജ്യമായ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. |
| (ഇ) | കടൽഭിത്തിയുടെയും പുലിമുട്ടിന്റെയും നിർമ്മാണം സംബന്ധിച്ച് മേജർ ഇറിഗേഷൻ വകുപ്പ് പഠനം നടത്തി സമർപ്പിച്ചിട്ടുള്ളതും ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എസ്റ്റിമേറ്റ് ഉള്ളതുമായ പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ? | (ഇ) | വൈപ്പിൻ മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമാകുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. എടവനക്കാട് പഞ്ചായത്ത്- പഴങ്ങാട് CESCP1132-1137 (850മീറ്റർ) അണിയിൽ CESCP 1124-1132 (1510 മീറ്റർ) നായരമ്പലം പഞ്ചായത്ത് CESCP.1116-1124 (1427 മീറ്റർ) വെളിയത്താപറമ്പ് CESCP 1111-1116 (885 മീറ്റർ) ഞാവൽ CESCP.1101-1103 & 1105-1111(1030 മീറ്റർ) പള്ളിപ്പുറം പഞ്ചായത്ത് CESCP 1152 -1176 (4614മീറ്റർ) കുഴിപ്പിള്ളി പഞ്ചായത്ത് CESCP 1142-1152 (1940മീറ്റർ) പ്രസ്തുത പ്രദേശത്ത് മുൻ കാലങ്ങളിൽ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും, കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം തീരത്തിന്റെ ഘടനയ്ക്ക് സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട് . ആയതു കൂടി പരിഗണിച്ച് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതായിട്ടുണ്ട്. കടൽക്ഷോഭവും ന്യൂനമർദ്ദവും അടിക്കടി ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ വൈപ്പിൻ ദ്വീപിലെ 24 കി.മീ. ദൈർഘ്യമുള്ള കടൽത്തീരം സംരക്ഷിക്കുന്നതിന്റെ പര്യവേഷണം (Bathmetry ഉൾപ്പെടെ) നടത്തുന്നതിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ഡി എസ് ആർ 2018 ലേക്ക് മാറ്റി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പര്യവേഷണം നടത്തി പഠനം പൂർത്തിയാക്കി അനുയോജ്യമായ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ